## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : വി.എൻ.ജിതേന്ദ്രൻ )

തിരുവനന്തപുരം,

ഉത്തരവ് നം.ഇ4/31979/13 തീയതി: 31-12-2014

വിഷയം: - സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുവാൻ പുറപ്പെടുവിച്ച ഉത്തരവിലെ അപാകത പരിഹരിച്ച് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ജിഒ(പി)നം.209/2013/ഫിൻ തിയതി 7-5-2013
2) ജിഒ(പി)നം.279/2014/ഫിൻ തിയതി 14-7-2014
3)സാമൂഹ്യനീതി ഡയറക്ടറുടെ 14-10-14ലെ ഇ4/31979/13 നം.ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ 1-4-2013തിയതിക്കുശേഷം ജോലിയിൽ പ്രവേശിച്ചതും വിവിധ സർക്കാർ വകുപ്പുകൾ/കോർപ്പറേഷനുകൾ/ബോർഡുകൾ എന്നിവിടങ്ങളിൽ മുൻസർവീസ് ഉള്ളതുമായ 7 പേർക്ക് പരാമർശം 1 സർക്കാർ ഉത്തരവിനു വിധേയമായി തങ്ങളുടെ മുൻ സർവീസ് പെൻഷൻ ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ KSR പാർട്ട് III പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പരാമർശം 2 സർക്കാർ ഉത്തരവിൻ പ്രകാരം ബോർഡ്/കോർപ്പറേഷൻ-ൽ മുൻസർവീസ് ഉള്ളവർക്കു മാത്രമാണ് സർക്കാർ വകുപ്പുകളിൽ 1-4-2013നു ശേഷം ജോലിയിൽ പ്രവേശിക്കുമ്പോൾ മുൻ സർവീസ് പെൻഷൻ ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥ പ്രകാരം KSR Part III പെൻഷൻ പദ്ധതിയിൽ തുടരുവാൻ അനുമതി നൽകിയിട്ടുള്ളത്.

ഇപ്രകാരം പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ മുമ്പ് സർക്കാർ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചവരെയും ഉൾപ്പെടുത്തിയത് അപാകത കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരം KSR Part III പെൻഷൻ പദ്ധതിയിൽ തുടരുവാൻ അനുവദിച്ച 7 പേരിൽ, മറ്റു സർക്കാർ വകുപ്പുകളിൽ നിന്നും സേവനമനുഷ്ഠിച്ചു വരവെ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ആറ് ജീവനക്കാർക്ക് KSR Part III പെൻഷൻ പദ്ധതിയിൽ തുടരുവാൻ അനുവദിച്ച പരാമർശം 3 ഉത്തരവിൽ തങ്ങളുടെ മുൻസർവീസ് പരാമർശം (2)ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതായിരിക്കും എന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമം. | ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം | മുമ്പ് ജോലി ചെയ്തിരുന്ന വകുപ്പ് |
|---|---|---|
| 1 | ശ്രീ.വി.പി.ഷാജിമോൻ, ക്ളാർക്ക്, ICDS, മഞ്ചേശ്വരം | പട്ടികജാതി വികസന വകുപ്പ് |
| 2 | ശ്രീമതി.മാധുരി എസ്, ക്ളാർക്ക്-ടൈപ്പിസ്റ്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്,ആലപ്പുഴ | വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ് |
| 3 | ശ്രീമതി.യമുന ജി, ക്ളാർക്ക്-ടൈപ്പിസ്റ്റ്, ICDS, ഇടുക്കി | വനം വന്യജീവി വകുപ്പ് |
| 4 | ശ്രീമതി. മനീഷ എം.പി, ക്ളാർക്ക്, ICDS, കോന്നി | സിവിൽ ജുഡിഷ്യൽ വകുപ്പ് |
| 5 | ശ്രീ.ആർ.ശ്രീജിത്ത്, ക്ളാർക്ക്, ICDS, കോയിപ്രം | വിദ്യാഭ്യാസ വകുപ്പ് |
| 6 | ശ്രീ.വിനോദ് കുമാർ വി, ക്ളാർക്ക്-ടൈപ്പിസ്റ്റ്, ICDS, കുഴൽമന്ദം | വനം വന്യജീവി വകുപ്പ് |

പ്രസ്തുത ഭേദഗതിയോടെ പരാമർശം 3 ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:-

1. ശിശുവികസന പദ്ധതി ആഫീസർ, മഞ്ചേശ്വരം, നേമം, ഇടുക്കി, കോന്നി,കോയിപ്രം,കുഴൽമന്ദം
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കാസർഗോഡ്, തിരുവനന്തപുരം, ഇടുക്കി,പത്തനംതിട്ട,പാലക്കാട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്